Sectt. 37. 3/462/2015/1 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA
ധനകാര്യ (ഫണ്ട്സ്) വകുപ്പ്

## സർക്കുലർ

നം.118/2018/ധന തീയതി, തിരുവനന്തപുരം 17/12/2018

വിഷയം: സാലറി ചലഞ്ച്- ജീവനക്കാരിൽ നിന്നും തെറ്റായി/അധികമായി കുറവ് ചെയ്ത തുക തിരികെ നൽകുന്നത്- സംബന്ധിച്ച്.

സൂചന : 1) സ.ഉ.(അച്ചടി) നം.144/2018/ധന തീയതി 11/09/2018.

2) 31.10.2018 തീയതിയിലെ 99/2018/ധന നമ്പർ സർക്കുലർ.

3) 31.10.2018 തീയതിയിലെ 100/2018/ധന നമ്പർ സർക്കുലർ.

സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും തെറ്റായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പിടിച്ച തുക തിരികെ നൽകുന്നത് പരിഗണിക്കുന്നതിന് താഴെ പറയുന്ന വിവരങ്ങൾ സഹിതം ഡി.ഡി.ഒ/എച്ച്.ഒ.ഡി മാർ ധനകാര്യ (ഫണ്ട്സ്) വകുപ്പിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

1. സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് വിസമ്മതപത്രം നൽകിയ/സമ്മതപത്രം നൽകാത്ത ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക പിടിക്കാൻ ഉണ്ടായ സാഹചര്യം അതാതു ഡി.ഡി.ഒ/എച്ച്.ഒ.ഡി മാർ റീഫണ്ടിനായി നൽകുന്ന അപേക്ഷയിൽ തെളിവ് സഹിതം വ്യക്തമാക്കേണ്ടതാണ്.

2. ജീവനക്കാരിൽ നിന്നും തെറ്റായി/അധികമായി കുറവ് ചെയ്ത തുക തിരികെ നല്കുന്നതിനായി ടി ജീവനക്കാരുടെ കൃത്യവും പൂർണവുമായ വിവരങ്ങൾ ധനകാര്യ (ഫണ്ട്സ്) വകുപ്പ് നൽകുന്ന പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതാണ്. ആയതിന്റെ ഒരു സോഫ്റ്റ് കോപ്പി അപേക്ഷയുടെ ഒപ്പം എക്സൽ ഷീറ്റിൽ ഒരു സി.ഡിയിൽ നൽകേണ്ടതും പ്രസ്തുത സോഫ്റ്റ് കോപ്പി ധനകാര്യ (ഫണ്ട്സ്) വകുപ്പിന്റെ

ഇ-മെയിലിലേക്ക് (sectfinancefunds@gmail.com) അയക്കേണ്ടതുമാണ്. പ്രൊഫോർമ താഴെ ചേർത്തിട്ടുണ്ട്.

3. ബന്ധപ്പെട്ട ഡി.ഡി.ഒ/എച്ച്.ഒ.ഡി തയ്യാറാക്കി ധനവകുപ്പിലേക്ക് നൽകുന്ന പ്രൊഫോർമയിലെ വിവരങ്ങളുടെ പൂർണ ഉത്തരവാദിത്വം ഡി.ഡി.ഒ/എച്ച്.ഒ.ഡി- യിൽ മാത്രം നിക്ഷിപ്തമായിരിക്കുകയും അർഹതയില്ലാത്ത ജീവനക്കാർക്ക് ഇതുമൂലം റീഫണ്ട് ലഭിക്കാൻ സാഹചര്യം ഉണ്ടായാൽ ബന്ധപ്പെട്ട ഡി.ഡി.ഒ/എച്ച്.ഒ.ഡി മാർ ഉത്തരവാദികളായിരിക്കും.

**പി. ജയലക്ഷ്മി**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

# സാലറി ചലഞ്ച് - റീഫണ്ട് - ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം. | പേര് (ഇംഗ്ലീഷിലും, മലയാളത്തിലും), PEN, തസ്തിക , വകുപ്പ് | ഗ്രോസ് സാലറി, നെറ്റ് സാലറി | സ്പാർക്ക് ബിൽ കോഡ് നം. (20 **Digits**) | ജീവനക്കാരന്റെ ഏത് മാസത്തെ ശമ്പളം, തെറ്റായി കുറവു ചെയ്ത തുക. | ജീവനക്കാരന്റെ ശമ്പളം മാറിയ ട്രഷറിയുടെ പേര് , ട്രഷറി കോഡ് | ജീവനക്കാരന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (ബാങ്ക് പേര് ബാങ്ക് **A/c** നം. , **IFSC** കോഡ്, **TSB A/c** നം, **etc**) |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

മേൽ രേഖപ്പെടുത്തിയ വിവരങ്ങൾ കൃത്യവും പൂർണവുമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. മേൽ രേഖപ്പെടുത്തിയ വിവരങ്ങളുടെ ഒരു സോഫ്റ്റ് കോപ്പി ധനകാര്യ (ഫണ്ട്സ്) വകുപ്പിന്റെ **sectfinancefunds@gmail.com** എന്ന email-ലേയ്ക്ക് ......./......./.......തീയതിക്ക് അയച്ചു നൽകിയിട്ടുണ്ട്.

**(ഇതുമായി ബന്ധപ്പെട്ട് ഒരു ഡി.ഡി.ഒ- യിൽ നിന്നും ഒന്നിൽ കൂടുതൽ അപേക്ഷകൾ പരിഗണിക്കുന്നതല്ല.)**

സ്ഥലം:

തിയതി:

പേര് (HOD/DDO):

**ഓഫീസ് സീൽ**

തസ്തിക:

ലാൻഡ് ഫോൺ നം:

മൊബൈൽ നം:

ഇ മെയിൽ: